ഉത്തരം

(എ) ഉണ്ട്.

(ബി) പ്രശ്നം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുടയിൽ കെ.എസ്.ഇ.ബി. സർക്കിൾ ഓഫീസ്

1240 [2220] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

ഇരിങ്ങാലക്കുടയിൽ കെ. എസ്. ഇ. ബോർഡിന്റെ സർക്കിൾ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ബോർഡിന്റെ സർക്കിൾ ഓഫീസ് ഇരിങ്ങാലക്കുടയിൽ ആരംഭിക്കേണ്ടതുണ്ടെന്ന് തല്ക്കാലം ബോർഡ് കരുതുന്നില്ല.

തിരുവനന്തപുരം മൃഗശാലാ വളപ്പിലെ കുട്ടികളുടെ 'ട്രെയിൻ'

1241. [2221] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. പി. രാമൻ:
,, സി. ടി. അഹമ്മദ് അലി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ;

(എ) തിരുവനന്തപുരം മൃഗശാലാവളപ്പിലുള്ള കുട്ടികളുടെ 'ട്രെയിൻ' എന്നുമുതൽ പ്രവർത്തനരഹിതമായി;

(ബി) ഇതിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 1975 സെപ്റ്റംബർ മാസം മുതൽ എഞ്ചിൻ കേടായതുകൊണ്ട് പ്രവർത്തനരഹിതമായി.

(ബി) ഈ തീവണ്ടി നിർമ്മിച്ചത് നോർത്തേൺ റെയിൽവെയിലെ കലഷാഗ് വർക്കുഷോപ്പിലാണ്. ഇതേ രീതിയിലുള്ള വളരെ കുറച്ച് വണ്ടികൾ മാത്രമേ അവർ നിർമ്മിച്ചിട്ടുള്ളൂ. ആയതിനാൽ സ്പെയർ പാർട്ടുകൾ ലഭ്യമല്ല. റിപ്പയർ ചെയ്യുന്നതിനായി സതേൺ റെയിൽവേയിലെ മെക്കാനിക്കൽ വിഭാഗം 1-2-1984-ൽ തീവണ്ടി പരിശോധിക്കുകയും, വളരെ ചെലവുള്ള ഈ ട്രെയിൻ പ്രവർത്തിപ്പിക്കുന്നത് ലാഭകരമല്ലെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. കൂടാതെ റെയിൽ പാളവും ഉപയോഗശൂന്യമായ സ്ഥിതിയിലാണ്. ഈ തീവണ്ടി പക്ഷികളെ പാർപ്പിച്ചിരിക്കുന്ന രണ്ടു കൂളങ്ങളെ ചുറ്റിയാണ് സഞ്ചരിച്ചുകൊണ്ടിരുന്നത്. തീവണ്ടിയുടെ ശബ്ദം കേട്ട് പക്ഷികൾ പേടിച്ച്, പറക്കാനും അരയന്നം പോലുള്ള വിലയേറിയ പക്ഷികൾ നഷ്ടമാകാനും സാദ്ധ്യതയുണ്ട്. ഈ വക കാരണങ്ങൾകൊണ്ട് തീവണ്ടി തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly